(ബി) പ്രസ്തുത കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനും അലോട്ട്മെന്റ് സമയബന്ധിതമായി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല. അലോട്ട്മെന്റ് തുകയുടെ കൃത്യമായ വിനിയോഗ പട്ടിക അയച്ചുനൽകാത്ത നഗരസഭകൾക്ക് ആയത് നൽകുന്നതിന് അറിയിപ്പ് നൽകുകയും ശരിയായ രീതിയിലുള്ള വിനിയോഗ പട്ടിക ലഭ്യമാക്കുന്ന മുറയ്ക്ക് അലോട്ടുമെന്റ് ഉടനടി അനുവദിച്ച് നൽകാറുള്ളതുമാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

139 (4763) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ പദ്ധതിയായ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിലായി എത്ര രൂപ ചെലവഴിച്ചു ; എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ :

(ബി) ചില പഞ്ചായത്തുകളിൽ പൂർത്തിയാക്കിയ തൊഴിൽ ദിനങ്ങൾക്കു പുറമേ കൂടുതൽ തൊഴിൽ നൽകിയതായി വ്യാജ രേഖ ഉണ്ടാക്കി, തുക തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് പഞ്ചായത്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എങ്കിൽ ഇപ്രകാരം തിരിമറി നടത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് ചെലവഴിച്ച തുകയും തൊഴിൽ ദിനങ്ങളും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. *

(ബി) ഉണ്ട്.

(സി&ഡി) : മറുപടി അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

ബി.പി.ഒ മാരെ നിയമിക്കാൻ നടപടി

140 (4764) ശ്രീ. വി. ശശി കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ജില്ലകളിലാണ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly